# കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം—പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ പുനർവിന്യാസം—അച്ചടക്ക നടപടി സ്വീകരിക്കൽ—സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

**ജി. ഒ. (പി) നമ്പർ 201/10/പൊ.വി.വ.** **തിരുവനന്തപുരം, 2010 ഒക്ടോബർ 8.**

---

പരാമർശം:—(1) 28-6-2002-ലെ സ.ഉ.(പി) നമ്പർ 178/02/പൊ.വി.

(2) 4-4-2005-ലെ സർക്കുലർ നമ്പർ 7/ജെ2/05/പൊ.വി.

(3) 1-2-2006-ലെ സ.ഉ.(പി) നമ്പർ 46/06/പൊ.വി.

(4) 19-11-2009-ലെ സർക്കുലർ നമ്പർ 38929/ജെ1/09/പൊ.വി.

## ഉത്തരവ്

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷിതാദ്ധ്യാപകർ അവരെ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണെന്നും, പുനർവിന്യാസത്തിലൂടെ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുവാൻ വിസമ്മതിച്ചാൽ സംരക്ഷണത്തിനും വേതനത്തിനും അർഹതയുണ്ടാകില്ല എന്നും ഉത്തരവായിട്ടുണ്ട്. പരാമർശം 2-ലെ സർക്കുലർ പ്രകാരം പുനർവിന്യാസം സ്വീകരിക്കുവാൻ വിസമ്മതിക്കുന്ന സംരക്ഷിതാദ്ധ്യാപകരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാമർശം (3)-ലെ ഉത്തരവ് പ്രകാരം 1979–1990 കാലയളവിൽ ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും ഒരു അദ്ധ്യാപകനെയെങ്കിലും നിയമിക്കേണ്ടതാണെന്നും ഇപ്രകാരം നിയമിക്കപ്പെടുന്ന പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ മാതൃസ്ഥാപനങ്ങളിൽ ഒഴിവ് വന്ന് തിരികെ പോകുമ്പോഴോ മറ്റ് ഏതെങ്കിലും വിധത്തിലോ ഉണ്ടാകുന്ന ഒഴിവിൽ മറ്റൊരു പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെ വീണ്ടും നിയമിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3/3999/2010/DTP.

2. പരാമർശം (4)-ലെ സർക്കുലർ പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടില്ലെങ്കിൽ നിലവിലുള്ള ഒഴിവിൽ/ആദ്യം ഉണ്ടാകുന്ന ഒഴിവിൽ നിർബന്ധമായും സംരക്ഷിതാദ്ധ്യാപകരുടെ പൊതുലിസ്റ്റിൽ നിന്നും ഒരാളെയെങ്കിലും അടിയന്തിരമായി നിയമിച്ചിരിക്കണമെന്നും അല്ലാതെ നടത്തുന്ന നിയമനങ്ങൾ യാതൊരു കാരണവശാലും വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിക്കരുതെന്നും നിർദ്ദേശിക്കുകയുണ്ടായി.

3. പുനർവിന്യസിക്കപ്പെടുന്ന സംരക്ഷിതാദ്ധ്യാപകരിൽ പലരും നിയമിക്കപ്പെടുന്ന സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുന്നില്ല എന്ന കാര്യം നിരവധി വിദ്യാഭ്യാസ ഓഫീസർമാർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ സാഹചര്യത്തിൽ, മേൽ പരാമർശിത ഉത്തരവുകളിലേയും സർക്കുലറുകളിലേയും തീരുമാനങ്ങൾ ആവർത്തിക്കുന്നതോടൊപ്പം അവ കർശനമായി നടപ്പിലാക്കാൻ വേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾകൂടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിച്ചാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിയമിക്കപ്പെടുന്ന സ്ഥലത്ത് ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ നിയമന ദിവസം മുതൽ ശമ്പളം നൽകേണ്ടതില്ലെന്നും യാതൊരു കാരണവശാലും ജോയിൻ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടിക്കൊടുക്കേണ്ടതില്ലെന്നും ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം പുനർവിന്യാസത്തിന് വിസമ്മതിക്കുന്ന സംരക്ഷിതാദ്ധ്യാപകരുടെമേൽ അടിയന്തിരമായി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു. അച്ചടക്ക നടപടികൾ സ്വീകരിച്ച പ്രസ്തുത കേസുകൾ ഉടനെ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ii) മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്നതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക പ്രധാന അദ്ധ്യാപകർ, വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരിൽനിന്നും ഈടാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*സെക്രട്ടറി.*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഐ. ടി @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ.

ഓഫീസ് കോപ്പി.

പകർപ്പ്:—പ്രൈവറ്റ് സെക്രട്ടറി, ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി
പേഴ്സണൽ അസിസ്റ്റന്റ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.